# CURRENT AFFAIRS 28 MAY 2024



### 2024ലെ യുവേഫ വനിതാ ചാമ്പ്യൻസ് ലീഗ് ഫുട്ബാൾ കിരീട ജേതാക്കൾ

**ബാഴ്സലോണ**

- ഫൈനലിൽ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് ഫ്രഞ്ച് ക്ലബ് ഒളിമ്പിക് ലിയോണിനെ പരാജയപ്പെടുത്തിയാണ് സ്പാനിഷ് ക്ലബ് ബാഴ്സലോണ കിരീടം സ്വന്തമാക്കിയത്.

---



അൻവറുൾ അസിം അനാർ

### 2024 മെയിൽ കൊൽക്കത്തയിൽ വെച്ച് കൊല്ലപ്പെട്ട ബംഗ്ലാദേശ് എം.പി

**അൻവറുൾ അസിം അനാർ**

---

### കേരള നിയമസഭയുടെ പുതിയ സെക്രട്ടറിയായി നിയമിതനാകുന്നത്

**ഡോ. എൻ. കൃഷ്ണകുമാർ**

---




### സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതി

**നേർവഴി**

---

India skills

### രാജ്യത്തെ ഏറ്റവും വലിയ നൈപുണ്യ മത്സരമായ ഇന്ത്യ സ്കിൽസ് 2024 ന് വേദിയായത്

**ന്യൂഡൽഹി**

- നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻഎസ്ഡിസി) ആണ് 2024 ലെ നാല് ദിവസത്തെ ഇന്ത്യാ സ്കിൽസ് മത്സരം സംഘടിപ്പിച്ചത്.

---

### 2024 മെയിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ 2024 ജനുവരി - മാർച്ച് ക്വാർട്ടറിലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (പിഎൽഎഫ്എസ്) റിപ്പോർട്ട് പ്രകാരം നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം

**കേരളം**

- കേരളത്തിലെ നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് 31.8% ആണ്.
- നഗരപ്രദേശങ്ങളിലെ 15-29 പ്രായമുള്ളവരിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കുറവ് ഡൽഹിയിലാണ് (3.1%).
- ദേശീയ ശരാശരി - 17%

